(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഒട്ടാകെയുള്ള പോലീസ് സ്റ്റേഷനുകളിൽ ലഭിച്ച പരാതികളുടെ എണ്ണം എത്ര?

(ബി) ഇവയിൽ എത്ര പരാതികളെ സംബന്ധിച്ച കേസുകൾ റഫർ ചെയ്തു;

(സി) എത്ര കേസുകൾ ചാർജ്ജ് ചെയ്തു; ഈ കാലത്ത് ചാർജ്ജ് ചെയ്തതും എഫ്.ഐ.ആർ. കൊടുത്തതുമായ എത്ര കേസുകൾ പിൻവലിക്കപ്പെടുന്നെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 9,54,669 പരാതികൾ.

(ബി) 1,02,975 പരാതികളെ സംബന്ധിച്ച കേസുകൾ റഫർ ചെയ്തു.

(സി) 1,64,236 കേസുകൾ ചാർജ്ജ് ചെയ്തു. കോടതികളുടെ പരിഗണനയിൽ ഇരുന്നതോ, കോടതികളിൽ ചാർജ് ചെയ്തതോ ആയ കേസുകൾ പിൻവലിച്ചതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

കണ്ണൂർ ജില്ലയിൽ പോലീസ് ചാർജ്ജ് ചെയ്ത കേസുകൾ

91 (1575) ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ പോലീസ് ചാർജ്ജു ചെയ്ത ഏതെല്ലാം കേസുകൾ പിൻവലിക്കുവാൻ നടപടികൾ സ്വീകരിച്ചു; കേസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

താഴെ പറയുന്ന രണ്ടു കേസുകൾ പിൻവലിക്കുവാൻ നടപടി സ്വീകരിച്ചു.

1) പയ്യന്നൂർ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 6/96, യു/എസ് 143, 147, 148, 341, 323, 506(1) 427, ആർ/ഡബ്ല്യു. 149 ഐ.പി.സി. ഈ കേസ് 23.5.96 തീയതിയിൽ ചാർജ് ചെയ്തു.

2) പെരിങ്ങോം പി.എസ്.ക്രൈം നമ്പർ 114/96 യു/എസ് 143, 147, 148, 427, 435 ആർ/ഡബ്ല്യു 149 ഐ.പി.സി. ഈ കേസ് 30.5.96 തീയതി ചാർജ് ചെയ്തു.

മഞ്ചേരി അരീക്കോട് പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ

92 (1576) ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി, അരീക്കോട് എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികളിൽ 1997, 1998, 1999, 2000 (ജനുവരി 31 വരെ) എന്നീ വർഷങ്ങളിൽ എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതികളിൽ നിന്നും വീണ്ടെടുത്ത കളവുമുതലുകൾ എത്ര ഉടമസ്ഥർക്ക് തിരിച്ച് നൽകി; ആർക്കെല്ലാം;

(സി) ബാക്കിയുള്ള എത്ര കേസിലെ പ്രതികളെ ഇനി അറസ്റ്റ് ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997, 1998, 1999, 2000 (ജനുവരി 31 വരെ) എന്നീ വർഷങ്ങളിൽ മഞ്ചേരി സ്റ്റേഷനിൽ യഥാക്രമം 39, 36, 48, 4 വീതം കേസുകളും അരീക്കോട് സ്റ്റേഷനിൽ യഥാക്രമം 15,19, 13, 1 വീതം കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1997, 1998, 1999 എന്നീ വർഷങ്ങളിൽ മഞ്ചേരി സ്റ്റേഷനിൽ യഥാക്രമം 17, 15, 8 കേസുകളിലേയും അരീക്കോട് സ്റ്റേഷനിൽ യഥാക്രമം 6, 7, 4 കേസുകളിലേയും കളവു മുതലുകൾ വീണ്ടെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(സി) 1997, 98, 99, 2000 (ജനുവരി 31 വരെ) എന്നീ വർഷങ്ങളിൽ മഞ്ചേരി സ്റ്റേഷനിൽ യഥാക്രമം 18, 21, 35, 4 വീതം കേസുകളിലേയും അരീക്കോട് സ്റ്റേഷനിൽ 7, 14, 7, 1 കേസുകളിലേയും പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്.

പോലീസ് സേനാംഗങ്ങളുടെ പ്രവൃത്തി സമയം

93(1577) ശ്രീ. വി. ബാലറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങളുടെ പ്രവൃത്തി സമയം ഇപ്പോൾ പ്രതിദിനം എത്ര മണിക്കൂറാണ്;

(ബി) അവരുടെ ജോലിസമയം എട്ടു മണിക്കൂറായി നിജപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഈ സമയ വ്യവസ്ഥ എന്നുമുതൽ നിലവിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതുമൂലം പോലീസ് സേനാംഗങ്ങളുടെ കാര്യക്ഷമത വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) 1960-ലെ കേരള പോലീസ് ആക്ട് സെക്ഷൻ 17 അനുസരിച്ച് സസ്പെൻഷനിലോ ലീവിലോ അല്ലാത്ത എല്ലാ പോലീസ് സേനാംഗങ്ങളും എപ്പോഴും ജോലിയിലായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 72 പോലീസ് സ്റ്റേഷനുകളിൽ എച്ച്.സി./പി.സി. മാർച്ച് എട്ടു മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(സി) എട്ടുമണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയ പോലീസ് സ്റ്റേഷനുകളിൽ പോലീസുകാരുടെ ജോലിഭാരം ഒരു പരിധിവരെ ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ആയതിനാൽ കാര്യക്ഷമതയെ സംബന്ധിച്ച് കൂടുതൽ നിരീക്ഷിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly